കൂടി ദുഃഖവും അനുശോചനവും രേഖപ്പെടുത്തിയതാണ്. ആ അവധി ദിവസം എന്തിന് ഈ സ്ഥാപനം നിയമവിരുദ്ധമായി തുറന്നുവെന്നുള്ളത് വളരെ ഗൗരവമായ വിഷയമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ചെയ്യാനാണ് അവധി ദിവസം ഈ സ്ഥാപനം തുറന്നതെങ്കിൽ അത് ഗൗരവമുള്ള രണ്ടാമത്തെ കുറ്റമാണ്. അതിനാൽ ഇതിന്റെ മുഴുവൻ ഗൗരവവും കണക്കിലെടുത്തുകൊണ്ട് സെക്രട്ടറി തലത്തിലുള്ള അന്വേഷണം നടത്തി ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമെന്ന് സഭയ്ക്ക് ഉറപ്പ് നല്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: സർ, ഇത് എന്റെ മണ്ഡലത്തിൽപ്പെട്ട ഒരു കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ ഒരു ചർച്ചയുടെ വിഷയം ഇല്ലല്ലോ. ഇത് ഒരു പൊതുവിഷയമാണ്. പറഞ്ഞുകഴിഞ്ഞു. ഇത് മണ്ഡലം അടിസ്ഥാനത്തിലല്ല.

ശ്രീ. ജോർജ് മേഴ്സിയർ: സഭയെ തെറ്റിദ്ധരിപ്പിച്ച ഒരു വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് നേരിട്ട് മിനിസ്റ്ററോട് സംസാരിച്ചോളൂ.

(23) മെഡിക്കൽ കോളേജ് വികസനത്തിന് ഏറ്റെടുത്ത സ്ഥലം

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുവാനായി 60 വർഷമായി ആ പരിസരത്തുള്ള പാവപ്പെട്ട ആളുകളുടെ 5-ഉം, 2-ഉം, —3-ഉം സെന്റ് സ്ഥലങ്ങൾ ഏറ്റെടുത്തത് മരവിപ്പിച്ച് ഇട്ടിരിക്കുന്നു. ഒരിക്കൽ അതിനുവേണ്ടി സ്ഥലമെടുത്ത് ഒഴിപ്പിക്കപ്പെട്ടവരാണ്. ഇപ്പോൾ വീണ്ടും ഒഴിപ്പിക്കാൻപോകുന്നു. 60 വർഷമായി അവർക്ക് അവരുടെ വീട് മെയിന്റനൻസ് ചെയ്യാനോ അവർക്ക് പുതിയ വീട് വയ്ക്കാനോ ഒന്നിനും അനുവാദം കൊടുക്കാതെ, വെള്ളം കൊടുക്കാതെ, വൈദ്യുതി കൊടുക്കാതെ വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. ഇവർ മെഡിക്കൽ കോളേജിൽ പൊതിച്ചോറ് ഉണ്ടാക്കിക്കൊടുക്കുന്നവരും കഞ്ഞി ഉണ്ടാക്കിക്കൊടുക്കുന്നവരും അവിടത്തെ ക്ലീനിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. മെഡിക്കൽ കോളേജിന്റെ പുറക് വശത്ത് താമസ്സിക്കുന്നവരാണ്. ഇതിനോടൊപ്പം ഉണ്ടായിരുന്ന വൻകിട മുതലാളിമാരുടെ സ്ഥലങ്ങളെല്ലാം ട്രിഡ എക്സംപ്റ്റ് ചെയ്തുകൊടുത്തു. അവിടെയെല്ലാം വലിയ കെട്ടിടങ്ങളുമായി. രണ്ടും മൂന്നും സെന്റ് ഭൂമിയിൽ താമസിക്കുന്ന ഇവർ എല്ലാം ബി.പി.എൽ. ഫാമിലിയിൽപെട്ടവരാണ്. അവരുടെ ഭൂമി മാത്രമെടുക്കാനായി ഒരു തീരുമാനമുണ്ടായിരിക്കുന്നത് വളരെ കഷ്ടമാണ്. യഥാർത്ഥത്തിൽ മെഡിക്കൽ കോളേജിന് ഇങ്ങനെയൊരു സ്ഥലം ആവശ്യമില്ല. മെഡിക്കൽ കോളേജിന് വേണ്ടി എടുത്ത സ്ഥലം കാട് പിടിച്ച് കിടക്കുന്നു. മാത്രമല്ല, ചെറിയ കുടിലുകൾ പോലുള്ള ക്വാർട്ടേഴ്സുകളാണ് അവിടെയുള്ളത്. അതുതന്നെ ഏകദേശം 75 ഏക്കറിലായി പരന്നുകിടക്കുന്നുണ്ട്. ആ കെട്ടിടങ്ങൾ ഇനി ഉപയോഗിക്കാൻ സാധിക്കാത്തവയാണ്. അതിൽ ചിലതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അടഞ്ഞുകിടക്കുകയാണ്. 10 ഏക്കറിനകത്ത് ഒരു ഫ്ളാറ്റ് നിർമ്മിച്ചിട്ട് ബാക്കിയുള്ള സ്ഥലം വികസനത്തിനായി എടുക്കാൻ കഴിയും. ഉപയോഗിക്കാത്ത ഒരുപാട് സ്ഥലം കാട് കയറി കിടക്കുന്നു. പാവപ്പെട്ടവരെ ഉപദ്രവിച്ചുകൊണ്ടുള്ള ഒരു വികസന പ്രവർത്തനമാണിത്. യഥാർത്ഥത്തിൽ ഇപ്പോൾ സ്ഥലത്തിന്റെ ആവശ്യമില്ല. ആരാണ് ചോദിച്ചിരിക്കുന്നത്, എന്താണ് ചോദിക്കുന്നത്, ഇതിന് എവിടെയാണ് ഫണ്ട് എന്നതിനെക്കുറിച്ചൊന്നും യാതൊരു രേഖയുമില്ല. ഈ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഒരു മനുഷ്യകാരുണ്യ പ്രവർത്തനമായി കണ്ടുകൊണ്ട് ബഹുമാനപ്പെട്ട സർക്കാർ അത് ഒഴിവാക്കിക്കൊടുക്കണം. ആവശ്യം എന്നുതോന്നുകയാണെങ്കിൽ അടിയന്തരമായി എടുക്കണം. എടുത്തിട്ട് അവർക്കു പുനരധിവാസം ഏർപ്പെടുത്തണം. പുനരധിവാസം കൊടുക്കുമെന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇപ്പോൾ പുനരധിവാസത്തെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് സ്കീമിന് 1976-ൽ സർക്കാർ അംഗീകാരം നൽകി. കാമ്പസിനുചുറ്റുമുള്ള 19.42 ഹെക്ടർ സ്ഥലം മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി നീക്കിവച്ചിരുന്നു. എന്നാൽ മെഡിക്കൽ കോളേജ് വികസനത്തിന് ആവശ്യമായ സ്ഥലമേറ്റെടുക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ നീക്കി വച്ചിട്ടുള്ള സ്ഥലങ്ങളിൽ വ്യക്തിഗത അപേക്ഷകളിന്മേൽ ഇളവ് നൽകി കെട്ടിടനിർമ്മാണത്തിന് മുൻകാലങ്ങളിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് വികസനത്തിന് സ്ഥലമേറ്റെടുക്കാത്ത സാഹചര്യത്തിലും സ്വകാര്യ വ്യക്തികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി ലഭ്യമല്ലാത്ത സാഹചര്യത്തിലും ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കീം പരിഷ്ക്കരിക്കുന്നതിന് നഗര- ഗ്രാമാസൂത്രണ വകുപ്പിനെ ചുമതലപ്പെടുത്തി. 20-8-2010-ൽ പ്രസ്തുത സ്കീം പരിഷ്ക്കരിക്കൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 1976-ലെ അംഗീകൃത സ്കീമിൽ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി നിർദ്ദേശിക്കപ്പെട്ടിരുന്ന 19.42 ഹെക്ടർ സ്ഥലത്തിൽനിന്നും 10.28 ഹെക്ടർ സ്ഥലം ഒഴിവാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ സമർപ്പിക്കുന്നതിന് 60 ദിവസം അനുവദിച്ചിരുന്നു. ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചുവരികയാണ്. അതിനുശേഷം മാത്രമേ സ്കീമിന് അന്തിമമായ അംഗീകാരം നൽകുകയുള്ളൂ. മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിന് കൂടുതൽ സ്ഥലം ആവശ്യമില്ലെന്ന വാദം അംഗീകരിക്കാൻ സർക്കാരിന് കഴിയില്ല.

(24) താൽക്കാലിക മദ്യ നിരോധനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : മലപ്പുറം ജില്ലയിൽ എല്ലാവരെയും ഞെട്ടിച്ച മദ്യദുരന്തം ഉണ്ടായപ്പോൾ 27 പേരാണ് കൊല്ലപ്പെട്ടത്. മീഥൈൽ ആൽക്കഹോൾ ആണ് മരണ കാരണം. അതിനെത്തുടർന്ന് തിരൂർ, കുറ്റിപ്പുറം,

LIBRARY ARCHIVES Kerala Legislative Assembly